കാലിക്കറ്റ് സർവ്വകലാശാല
(എഞ്ചിനീയറിംഗ് വിഭാഗം 0494-2407305)

കാലിക്കറ്റ് യൂണിവേഴ്സിറ്റി പി. ഒ.,
തിയ്യതി: 23.01.2017

**ക്വട്ടേഷൻ നോട്ടീസ്**

മലപ്പുറം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിൽനിന്നും അനുമതി ലഭിച്ചിട്ടുള്ള യൂണിവേഴ്സിറ്റി കാമ്പസിൽ താഴെ പറയുന്ന മരങ്ങൾ ഒന്നിച്ച് വിൽക്കുന്നതിന് മുദ്ര ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | മരങ്ങളുടെ വിവരണം | | എണ്ണം |
|---|---|---|---|
| 1 | ചീനി മരം (മഴമരം) ശിഖരം | തേഞ്ഞിപാലം പോലീസ് സ്റ്റേഷൻ കവാടത്തിനു സമീപം | 1 |
| 2 | അത്തിമരം | മെൻസ് ഹോസ്റ്റൽ അനക്സ് നിർമ്മിക്കാൻ നിർദ്ദേശിക്കുന്ന സ്ഥലം | 3 |
| 3 | പൊടുവണ്ണി (വട്ട) | | 9 |
| 4 | പൂമരം (നെല്ലിവാക) | | 1 |
| 5 | പാല | | 2 |
| 6 | ചീനി മരം (മഴമരം) | | 2 |
| 7 | പുളിമരം | | 1 |

ക്വട്ടേഷനുകൾ 30.01.2017 3 മണിക്ക് മുമ്പായി യൂണിവേഴ്സിറ്റി എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിഭാഗം, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്,, പി.ഒ. കാലിക്കറ്റ് യൂണിവേഴ്സിറ്റി , പിൻ 673635 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 4 മണിക്ക് തുറക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ പേരിൽ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും നിരതദ്രവ്യമായി 3,500/- രൂപയ്ക്കുള്ള ഡിപ്പോസിറ്റ് റസീപ്റ്റും/ഡി.ഡി യും തിരിച്ചറിയൽ കാർഡിന്റെ ഒരു കോപ്പിയും അടക്കം ചെയ്യേണ്ടതുമാണ്. ക്വട്ടേഷൻ ലഭിക്കുന്നയാൾ ക്വട്ടേഷൻ തുകയോടൊപ്പം നികുതിയും (വാറ്റ് 14.5%, വനനികുതി 5%, സർക്കാർ നിർദ്ദേശിക്കുന്ന മറ്റു നികുതികളും) അടക്കേണ്ടതുമാണ്.

ക്വട്ടേഷൻ ഉറപ്പിച്ച് ഉത്തരവ് കൈപ്പറ്റിയവർ 5 ദിവസത്തിനകം, പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെയുള്ള സമയങ്ങളിൽ മരങ്ങൾ നീക്കം ചെയ്യേണ്ടതാണ്. യൂണിവേഴ്സിറ്റി കെട്ടിടങ്ങൾക്കും മറ്റു വസ്തുവകകൾക്കും യാതൊരുവിധ നഷ്ടങ്ങളും വരാതെ നോക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം നഷ്ടങ്ങൾ വസൂലാക്കാൻ നടപടി എടുക്കുന്നതാണ്.

ഏതൊരു ഓഫറും സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം യൂണിവേഴ്സിറ്റി അധികൃതരിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിഭാഗം ഓഫീസുമായി ബന്ധപ്പെടുകയോ **www.universityofcalicut.info** സന്ദർശിക്കുകയോ ചെയ്യുക.

എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)